**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭയിലെ ജീവനക്കാർക്കെതിരെ വിജിലൻസ് വകുപ്പ് എടുത്ത അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(ആർ.റ്റി.) നം. 297/2016/തസ്വഭവ.          തീയതി, തിരുവനന്തപുരം, 27.01.2016.

=====================================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 28.01.2006 ലെ E12[VE2/2004/NRK/819/2004 നമ്പർ കത്ത്.
2) 8160/EU2/06/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3) നഗരകാര്യ ഡയറക്ടറുടെ 27.05.2013, 09.10.2014 തീയതികളിലെ V2/5007/06 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് നഗരസഭയിൽ ടൗൺ പ്ലാനിംഗ് വിഭഗത്തിൽ വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃത നിർമ്മാണങ്ങൾ, ബിൽഡിംഗ് സാങ്ഷൻ എന്നിവ സംബന്ധിച്ച വെരിഫിക്കേഷൻ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഫയലുകളിൽ മേൽ നടപടികൾ സ്വീകരിക്കാതെ മാപ്പാക്കാനാകാത്ത കാലതാമസം വരുത്തിയെന്ന് കണ്ടെത്തുകയും പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ ടി നഗരസഭയിൽ തദവസരത്തിൽ എൽ.ഡി. ക്ലാർക്കുമാരായിരുന്ന ശ്രീ.പി. എം. ഷാജി, ശ്രീ.കെ.ടി. ഗോകുലൻ, യു.ഡി. ക്ലാർക്ക്മാരായിരുന്ന ശ്രീ.എം.പി. രാമൻ, ശ്രീമതി. കെ. തങ്കമണി, ശ്രീമതി. പി. സത്യഭാമ, ശ്രീ. പി. സുനിൽ, ഹെൽത്ത് സെക്ഷനിലെ സൂപ്രണ്ടായിരുന്ന ശ്രീമതി. എൻ.കെ. വിജയകുമാരി, ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീമതി. കെ. പ്രഭാവതി, ശ്രീ. ഭാസ്ക്കരൻ, ശ്രീ. ജോൺ ഫ്രാൻസിസ്, ശ്രീ. പി. ബി. വിശ്വനാഥൻ, ശ്രീ.പി.ജി. ശശി എന്നിവർക്ക് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കുറഅറാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് കുറ്റാരോപിതർ നൽകിയ മറുപടിയിന്മേലുള്ള പരാമർശം (3) ലെ നഗരകാര്യ വകുപ്പു ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ആരോപണ വിധേയരായ ജീവനക്കാരുടെ ജോലിഭാരം മൂലമാണ് ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതെന്നും, ടി വിഷയത്തിനാധാരമായ സംഭവം 2002 കാലഘട്ടത്തിൽ നടന്നിട്ടുള്ളതാകയാൽ നീണ്ട 12 വർഷങ്ങൾക്ക് ശേഷം നടത്തുന്ന തുടരന്വേഷണത്തിൽ കൂടുതൽ എന്തെങ്കിലും തെളിവ് ലഭിക്കുന്നതിന് സാദ്ധ്യതയില്ലാത്തതിനാൽ കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ അനുഭാവപൂർവ്വം തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത വിഷയത്തിനാധാരമായ സംഭവം

2002-ൽ നടന്നതായതിനാലും കുറ്റാരോപിതരായ ജീവനക്കാർക്ക് വിജിലൻസ് വകുപ്പ് 2006-ൽ കഠിനശിക്ഷ ശിപാർശചെയ്തിരുന്ന ടി വിഷയത്തിലുണ്ടായ കാലതാമസം പരിഗണിച്ചും കുറ്റാരോപിതരായ കോഴിക്കോട് നഗരസഭയിൽ തദവസരത്തിൽ എൽ.ഡി. ക്ലാർക്ക്മാരായിരുന്ന ശ്രീ.പി.എം. ഷാജി, ശ്രീ.കെ.ടി. ഗോകുലൻ, യു.ഡി. ക്ലാർക്കായിരുന്ന ശ്രീ.എം.പി. രാമൻ, ബിൽഡിംഗ് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ ജോൺ ഫ്രാൻസിസ് എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും യു.ഡി.ക്ലാർക്കായിരുന്ന മരണപ്പെട്ട ശ്രീമതി. കെ.തങ്കമണി, സേവനത്തിൽ നിന്നും വിരമിച്ച ഹെൽത്ത് വിഭാഗം സൂപ്രണ്ടായിരുന്ന ശ്രീമതി. എൻ.കെ. വിജയകുമാരി, യു.ഡി. ക്ലാർക്ക്മാരായ ശ്രീമതി. പി. സത്യഭാമ, ശ്രീ. പി. സുനിൽ, ബിൽഡിംഗ് ഇൻസ്പെക്ടർമാരായ ശ്രീമതി. കെ. പ്രഭാവതി, ശ്രീ.കെ ഭാസ്ക്കരൻ, ശ്രീ.പി.ബി. വിശ്വനാഥൻ, ശ്രീ.പി.ജി. ശശി എന്നിവരെ കുറ്റവിമുക്തരാക്കിയും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**രത്നമ്മ. വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർക്ക്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (vide letter No.1023/B1/05/vig. dated 14.02.2000).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**